LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ചാലക്കുടി മണ്ഡലത്തിൽ താഴെപ്പറയുന്ന ആർ.ഐ.ഡി.എഫ്. റോഡ് പ്രോജക്ടുകളുടെ നവീകരണത്തിന് ഹിൽ ഏരിയ ഡവലപ്മെന്റ് ഏജൻസി നടപടികൾ സ്വീകരിച്ചുവരുന്നു.

1. മേച്ചിറ മെയിൻ കനാൽ ബണ്ട് റോഡ് :

ഭരണാനുമതി നൽകി. പ്രവൃത്തി ആരംഭിക്കുന്നതിനുവേണ്ടി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

2. വെള്ളാത്തു – മരങ്ങോട് ലിങ്ക് റോഡ് :

ആർ.ഐ.ഡി.എഫ്. അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തൊഴിലുറപ്പ് പദ്ധതി

19 (1415) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നാളിതുവരെ എത്ര കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; അതിൽ പ്രകാരം നിലവിൽ എത്ര പേർ പണിയെടുക്കുന്നു ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ;

(ബി) 2014-15 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ലഭിച്ച കേന്ദ്രസഹായം എത്ര ; നാളിതുവരെ എത്ര തുക സംസ്ഥാനവിഹിതമായി നൽകി ; വിശദാംശം ലഭ്യമാക്കുമോ ;

(സി) നിലവിൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിലെടുത്തവർക്ക് കൂടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഏത് മാസം മുതലുള്ള കൂടിശ്ശികയാണ് നൽകാനുള്ളത് ; മുഴുവൻ കൂടിശ്ശികയും നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഇ) തൊഴിലുറപ്പ് ജോലിക്കിടെ നാളിതുവരെ പല കാരണങ്ങളാൽ മരണപ്പെട്ടവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; ഇപ്രകാരം മരണപ്പെട്ടവരുടെ കുടുംബങ്ങളെ സഹായിക്കുവാൻ നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നു ; വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) എല്ലാ തൊഴിലുറപ്പ് തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു വരുന്നു; വിശദാംശം വ്യക്തമാക്കുമോ ;

(ജി) തൊഴിലുറപ്പ് പദ്ധതിയുടെ മറവിൽ ഇടനിലക്കാർ കൂലി തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2014-15 സാമ്പത്തിക വർഷം നാളിതുവരെ കേന്ദ്രവിഹിതമായി 158758.02 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം, നാളിതുവരെ സംസ്ഥാന വിഹിതമായി 40 കോടി രൂപ ലഭ്യമാക്കിയിട്ടുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) 2015 മാർച്ച് മാസം കടിശ്ശികയായ വേതനം കൊടുത്ത് തീർക്കാനുണ്ട്. കടിശ്ശിക പൂർണ്ണമായും അടിയന്തരമായി കൊടുത്ത് തീർക്കാനുള്ള ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്.

(ഇ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റവും കുറഞ്ഞത് 15 ദിവസം പണിയെടുക്കുന്ന തൊഴിലാളികൾക്ക് രാഷ്ട്രീയ സ്വാസ്ഥ്യാ ബീമായോജന പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ജി) തൊഴിലുറപ്പ് പദ്ധതിയുടെ മറവിൽ ഇടനിലക്കാർ കൂലി തട്ടിയെടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തൊഴിലുറപ്പ് പദ്ധതി

20(1416) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) തൊഴിലുറപ്പ് പദ്ധതിക്ക് പകരം സംസ്ഥാന പദ്ധതി പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടക്കുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) പരിഗണനയിലില്ല.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly